**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2334 18.02.2016-ൽ മറുപടിക്ക്**

**കുന്നംകുളം ഗവ. താലൂക്കാശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുന്നംകുളം ഗവ. താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും, നഴ്സുമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിനിൽ കൺസൾട്ടന്റിന്റെ ഒരൊഴിവും ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ)ഒരു ഒഴിവും നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല. |
| (ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) ജൂനിയർ കൺസൾട്ടന്റിന് പ്രൊമോഷൻ നൽകി കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ജനറൽ കേഡറിലെ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ